പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## മൂന്നാമത് റിപ്പോർട്ട്

(2018 ഡിസംബർ 6-ാം തീയതി സമർപ്പിച്ചത്)

(മണ്ണന്തലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയെ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി
# (2016-2019)

## മൂന്നാമത് റിപ്പോർട്ട്

(മണ്ണന്തലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയെ സംബന്ധിച്ച്)

1737/2018.

# ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| ആമുഖം | | | .. | vii |
| റിപ്പോർട്ട് | | | .. | 1 |
| അനുബന്ധം : | I. | പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിൽ നിന്നും 1-12-2016 തീയതിയായി ലഭ്യമാക്കിയ 713736/എ I/2016/പജ.പവ.വിവ. നമ്പർ കത്ത്. | .. | 12 |
| | II. | പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിൽ നിന്നും 10-7-2016 തീയതിയായി ലഭിച്ച സ.ഉ (സാധാ.) നമ്പർ 1703/2017 നമ്പർ സർക്കാർ ഉത്തരവ്. | .. | 13 |
| | III. | ICSETS-നെ revamp ചെയ്യുന്നതിനായി സെക്രട്ടറി, ICSETS സമർപ്പിച്ച നിർദ്ദേശങ്ങൾ | .. | 14-18 |
| | IV. | 17-5-2018-ലെ സ.ഉ.(കൈ.) നമ്പർ 36/2018/ പജ.പവ.വിവ. നമ്പർ സർക്കാർ ഉത്തരവ് | .. | 19 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി

# (2016-2019)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ബി. സത്യൻ.

അംഗങ്ങൾ :

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഒ. ആർ. കേളു

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. പി. സജീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, അണ്ടർ സെക്രട്ടറി.

# ആമുഖം

പതിറ്റാണ്ടുകളായി വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന ഒരു ജനവിഭാഗത്തിന്റെ പുത്തൻതലമുറയെ സമൂഹത്തിന്റെ ഉന്നത സ്ഥാനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മണ്ണന്തലയിൽ ആരംഭിച്ച സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS)-യുടെ പ്രവർത്തനത്തിലെ അപാകതകൾ സംബന്ധിച്ചും ഈ സ്ഥാപനം പൂട്ടിപ്പോകുമോ എന്ന ആശങ്ക സംബന്ധിച്ചും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി, പ്രസ്തുത സ്ഥാപനവും ചാരാച്ചിറയിലുള്ള സിവിൽ സർവ്വീസസ് അക്കാദമിയും സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. സമിതി നടത്തിയ സന്ദർശനങ്ങളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതും ICSETS-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുവാൻ പര്യാപ്തമാകുമെന്ന് സമിതി കരുതുന്നതുമായ ഏതാനും ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ഡിസംബർ 6.

ബി. സത്യൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം*
*സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS)-യിലെ 2016-17 ബാച്ചിലെ വിദ്യാർത്ഥികൾ, ടി സ്ഥാപനത്തിന്റെ പോരായ്മകളും വിദ്യാർത്ഥികളുടെ വിവിധ ആവശ്യങ്ങളും സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയിൽ ഉന്നയിച്ചിരുന്ന വിഷയങ്ങൾ താഴെപ്പറയും പ്രകാരമാണ്:

(i) സിവിൽ സർവ്വീസസ് പ്രിലിംസ് ക്ലാസ്സുകൾ പൂർണ്ണമോ ശരിയായ രീതിയിൽ ഉള്ളതോ അല്ല. മാത്രവുമല്ല, മെയിൻസ് പരീക്ഷയ്ക്ക് ഉതകുന്ന രീതിയിലുള്ള പരിശീലനമല്ല ലഭിക്കുന്നത്. എഴുത്ത് പരിശീലനം സ്ഥിരമായി നൽകുമെന്ന് തുടക്കത്തിൽ പ്രിൻസിപ്പൽ വാഗ്ദാനം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെ യാതൊരു എഴുത്ത് പരിശീലനം പോലും നൽകിയിട്ടില്ല

(ii) പരിശീലനത്തിന്റെ തുടക്കത്തിൽ തന്നെ പ്രിൻസിപ്പൽ ആവശ്യപ്പെട്ടതനുസരിച്ച് ആവശ്യമുള്ള ബുക്കുകളുടെ ലിസ്റ്റ് വിദ്യാർത്ഥികൾ നൽകിയിരുന്നു. എന്നാൽ അവ ലഭ്യമാക്കാൻ പ്രിൻസിപ്പലിനു കഴിഞ്ഞിട്ടില്ല.

(iii) രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെയുള്ള ക്ലാസ്സിനുശേഷം വളരെ ചുരുങ്ങിയ സമയം മാത്രമാണ് ലൈബ്രറി ഉപയോഗിക്കാൻ സാധിക്കുന്നത്. ഇതിനാൽ ലൈബ്രറിയുടെ പൂർണ്ണമായ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല.

(iv) വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ, പ്രസ്തുത സ്ഥാപനത്തിൽ നിന്നും 10 കിലോമീറ്ററോളം അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഇത് വിദ്യാർത്ഥിനികൾക്ക് യാത്രാ ബുദ്ധിമുട്ടുണ്ടാക്കുന്നതിനോടൊപ്പം ഇൻസ്റ്റിറ്റ്യൂട്ടിലെ ലൈബ്രറിയും, കമ്പ്യൂട്ടർ ലാബും യഥാവിധി ഉപയോഗിക്കുന്നതിന് അസൗകര്യവും സൃഷ്ടിക്കുന്നു.

(v) സ്ഥാപനത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും സാമ്പത്തികമായി പിന്നാക്കാവസ്ഥയിൽ നിൽക്കുന്നവരാണ്. പഠനാവശ്യത്തിനായി ഇന്റർനെറ്റിന്റെ സഹായത്തിന് വിദ്യാർത്ഥികളുടെ ഏക ആശ്രയം ഇവിടുത്തെ കമ്പ്യൂട്ടർ ലാബാണ്. പരീക്ഷ അടുത്തു വരുന്ന സമയങ്ങളിൽ പോലും കമ്പ്യൂട്ടർ ലാബ് തുറന്ന് നൽകുന്നത് ഉച്ചയ്ക്ക് 2 മണിക്ക് ശേഷം മാത്രമാണ്.

(vi) സ്ഥാപന മേധാവി എന്ന നിലയ്ക്ക് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രിൻസിപ്പലിന്റെ സജീവ സാന്നിദ്ധ്യം ഇവിടെ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പഠന സംബന്ധമായ ആവശ്യങ്ങളും കുറവുകളും ചൂണ്ടിക്കാട്ടി പരാതിപ്പെടുവാൻ വിദ്യാർത്ഥികൾ ചെല്ലുമ്പോൾ ഒട്ടുമിക്ക സമയങ്ങളിലും പ്രിൻസിപ്പൽ ഓഫീസിൽ ഉണ്ടാകാറില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ പരാതികൾക്കു തൃപ്തികരമായ മറുപടി നൽകുകയോ വേണ്ട നടപടി സ്വീകരിക്കുകയോ ചെയ്യാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്.

(vii) വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാൻ തുടങ്ങിയ 'മെന്റർഷിപ്പ് പ്രോഗ്രാം' പൂർണ്ണ പരാജയം ആയിരുന്നു. ഭൂരിഭാഗം കുട്ടികൾക്കും അവരുടെ മെന്ററിനെ ഒരു തവണപോലും നേരിട്ട് കാണുവാനോ ബന്ധപ്പെടുവാനോ കഴിഞ്ഞിട്ടില്ല

(viii) ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന വിദ്യാർത്ഥിനികൾക്ക് വിശ്രമമുറി അനുവദിക്കാത്തതിനാൽ അകലെ സ്ഥിതിചെയ്യുന്ന ലേഡീസ് ഹോസ്റ്റലിലേക്ക് സ്വന്തം ചെലവിൽ പോകേണ്ടി വരുന്നു.

(ix) വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുമ്പോൾ അതിനു പരിഹാരം നിർദ്ദേശിക്കാതെ തന്റെ സങ്കടങ്ങൾ പറഞ്ഞ് കരയുകയാണ് പ്രിൻസിപ്പലിന്റെ പതിവ്. മാത്രവുമല്ല നിസ്സാരമായി പരിഹരിക്കാൻ സാധിക്കുന്ന പല പ്രശ്നങ്ങളും വലുതാക്കി വിദ്യാർത്ഥികളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുകയും അവർ തമ്മിലുള്ള സൗഹൃദാന്തരീക്ഷം ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്.

(x) പ്രിൻസിപ്പൽ അധികാരത്തിന്റെ സ്വാധീനം കുട്ടികളിൽ പ്രയോഗിക്കുന്നു. ഞായാറാഴ്ചകളിലും അവധി ദിവസങ്ങളിലും ലൈബ്രറിയും റീഡിംഗ് റൂമും മുന്നറിയിപ്പില്ലാതെ പൂട്ടിയിടുന്നതിനാൽ വിദ്യാർത്ഥികളുടെ പഠനത്തെ വിപരീതമായി ബാധിക്കുന്നു. മാത്രവുമല്ല പൊതു അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും വിദ്യാർത്ഥിനികൾക്ക് ലൈബ്രറിയിലും റീഡിംഗ് റൂമിലും പൂർണ്ണമായ വിലക്കും ഏർപ്പെടുത്തിയിരിക്കുന്നു. നടപടി ഭയന്നും മാനസിക സമ്മർദ്ദത്തിലാകുമെന്ന് വിചാരിച്ചും കുട്ടികൾ ഇവയെല്ലാം സഹിക്കുകയാണ്.

(xi) ഓപ്ഷണൽ വിഷയങ്ങളായ മലയാളം, ജ്യോഗ്രഫി, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ് എന്നിവയ്ക്ക് ലഭിച്ച ക്ലാസ്സുകൾ വളരെ പരിമിതമായിരുന്നു. ആയതിനാൽ സിലബസ്സ് പകുതി പോലും പൂർത്തിയായിട്ടില്ല. അതോടൊപ്പം മെയിൻസ് പരീക്ഷയുടെ ജനറൽ സ്റ്റഡീസ് ക്ലാസ്സുകളും പര്യാപ്തമായ രീതിയിൽ ലഭിച്ചിട്ടില്ല.

(xii) ICSETS-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 'Course content'-ആയി നൽകിയിട്ടുള്ള Language Skills, Communication and Presentation Skills, Workshop, Leadership Camps, Mock-interviews എന്നിവയിൽ ഒട്ടുമിക്കതും പരിശീലന കാലയളവിൽ ഇതുവരെ ലഭിച്ചിട്ടില്ല. English Comprehension ക്ലാസ്സുകൾ ലഭിക്കുന്നുണ്ടെങ്കിലും Spoken English ക്ലാസ്സുകൾ നൽകിയിട്ടില്ല. ഇതിനു പരിഹാരമെന്നോണം 2017 മാർച്ച് 2, 3 തീയതികളിൽ Institute of Management in Government (IMG)-ൽ വച്ച് നടത്തിയ പരിശീലനപരിപാടിയിൽ Presentation നടത്താൻ ആകെയുള്ള 30 പേരിൽ 6 പേർക്ക് മാത്രമാണ് അവസരം ലഭിച്ചത്.

(xiii) സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങളോ, മാനസികാവസ്ഥയോ മനസ്സിലാക്കുവാൻ സമൂഹത്തിന്റെ ഉന്നതതലത്തിൽ നിന്നുള്ള പ്രിൻസിപ്പലിന് സാധിക്കുന്നില്ല. ഈ സ്ഥാപനത്തിന്റെ മേലധികാരിയായി വരുന്ന ആൾ പട്ടികവിഭാഗത്തിൽ നിന്നുള്ളതും സിവിൽ സർവ്വീസസ് പരീക്ഷാ പരിശീലനത്തിൽ മുൻ പരിചയമുള്ളതുമായ ഒരു വ്യക്തിയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ വിദ്യാർത്ഥികൾക്ക് അഭിമുഖീകരിക്കേണ്ടിവരില്ല മാത്രമല്ല വരും വർഷങ്ങളിൽ മികച്ച വിജയം കൈവരിക്കാനും സാധിക്കും.

2. പരാതിയിലെ ആക്ഷേപങ്ങൾ സംബന്ധിച്ച് നേരിട്ട് വിലയിരുത്തുന്നതിനായി 14-6-2017-ൽ സമിതി സ്ഥാപനം സന്ദർശിക്കുകയും അവിടെ യോഗം ചേർന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. തദവസരത്തിൽ, അവധി ദിവസങ്ങൾ ഉൾപ്പെടെ ലൈബ്രറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പഠനാവശ്യങ്ങൾക്ക് ലൈബ്രറി, ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും മതിയായ സമയം അനുവദിക്കണമെന്നും സ്ഥാപനത്തിൽ നിലവിൽ നൽകിവരുന്ന എട്ട് മാസത്തെ പരിശീലനം തീർത്തും അപര്യാപ്തമായതിനാൽ 12 മാസത്തെ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു.

3. അക്കാഡമിക്, അഡ്മിനിസ്ട്രേഷൻ തലത്തിലുള്ള പോരായ്മകൾ പരിഹരിക്കണമെന്നും കുട്ടികൾക്ക് പരാതി അറിയിക്കാൻ ഗ്രീവൻസ് സെൽ തുടങ്ങണമെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും പ്രിൻസിപ്പലും ഒരു മാസത്തിനുള്ളിൽ യോഗം വിളിച്ചുചേർത്ത് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും കുട്ടികളുടെ ആവശ്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടിരുന്നു.

4. തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ് 21-8-2017-ലെ 1436344/എ 1/2017/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്:

"ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിലെ വിദ്യാർത്ഥികൾ നൽകിയ പരാതിയിന്മേൽ, ദക്ഷിണമേഖലാ ഡെപ്യൂട്ടി ഡയറക്ടർ സ്ഥാപനം സന്ദർശിച്ച് പ്രിൻസിപ്പൽ, സ്ഥാപനത്തിലെ മറ്റ് ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരുമായി സംസാരിക്കുകയും ഓഫീസ് രേഖകൾ പരിശോധിക്കുകയും ചെയ്തതിനുശേഷം അന്വേഷണറിപ്പോർട്ട് സമർപ്പിച്ചിരുന്നു. ക്ലാസ് നടത്തിപ്പിലെ പോരായ്മ/സ്ഥാപനത്തിലെ ഭൗതികസാഹചര്യങ്ങളിലെ പോരായ്മ/ പ്രിൻസിപ്പലിനെതിരെയുള്ള പരാതികൾ തുടങ്ങി വിദ്യാർത്ഥികൾ ഉന്നയിച്ചിരിക്കുന്ന മിക്ക

പരാതികളിലും കഴമ്പില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം Personality Development, Spoken English എന്നിവയിൽ ക്ലാസ്സുകൾ നടക്കുന്നില്ലായെന്നും വിദ്യാർത്ഥികൾക്ക് പൂർണ്ണമായും പ്രയോജനകരമാവുംവിധം ക്ലാസ്സുകൾ ക്രമീകരിക്കുവാനോ portion കൃത്യമായും പൂർത്തീകരിക്കുവാനോ സാധിക്കുന്നില്ലായെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതിയും റിപ്പോർട്ടുകളും ചേർത്ത് പരിശോധിക്കുമ്പോൾ പരാതിയിൽ ചൂണ്ടിക്കാട്ടുന്നതരത്തിലുള്ള ഗുരുതരമായ പോരായ്മകളൊന്നും തന്നെ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നില്ല. മാത്രവുമല്ല, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിക്കാൻ ആവശ്യമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകാനും 1-12-2016-ലെ 713736/എ 1/2016/പജ.പവ.വിവ. നമ്പർ കത്തിലൂടെ (അനുബന്ധം I) പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തിൽ കോഴ്സ് ആരംഭിക്കുവാൻ വൈകിയതു കാരണം പൂർണ്ണരൂപത്തിലുള്ള പരിശീലനം ലഭിച്ചുകാണില്ലായെന്നത് മുൻനിർത്തി, 15 കുട്ടികളുടെ ഒരു Repeaters batch ആരംഭിക്കുവാൻ 10-7-2017-ലെ G.O(Rt.)No. 1703/17/SCSTDD ഉത്തരവ് (അനുബന്ധം II) പ്രകാരം അനുമതി നൽകിയിട്ടുണ്ട്."

5. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 20-9-2017-ലെ സമിതിയോഗം, 10-7-2017-ലെ സ.ഉ. (സാധാ.) നമ്പർ 1703/2017/പജ.പവ.വിവ. പ്രകാരം ICSETS-ൽ റിപ്പീറ്റേഴ്സ് ബാച്ച് ആരംഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരവും സമിതി ICSETS സന്ദർശിച്ച വേളയിൽ നൽകിയ നിർദ്ദേശങ്ങളിന്മേലുള്ള റിപ്പോർട്ടും ലഭ്യമാക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിച്ചു. കൂടാതെ, സന്ദർശനവേളയിൽ നിർദ്ദേശിച്ച പ്രകാരം സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും കുട്ടികളുടെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ചുമുള്ള സമഗ്രമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടാനും തീരുമാനിച്ചു. തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 23-5-2018-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ഈ വിഷയത്തിന്മേൽ കൂടുതൽ വിശദീകരണം തേടുന്നതിനായി വകുപ്പുദ്യോഗസ്ഥരിൽ നിന്നും ICSETS ഡയറക്ടറിൽ നിന്നും വീണ്ടും തെളിവെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്:

"പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതി മുമ്പാകെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിലെ 2016-17 ബാച്ചിലെ വിദ്യാർത്ഥികൾ നൽകിയ പരാതിയിന്മേൽ 21-8-2017-ലെ 1436344/എ 1/2017/ പജ.പവ.വിവ. കത്തുപ്രകാരം സർക്കാർ ബഹു. സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. സമിതി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ്

സൊസൈറ്റി സന്ദർശിച്ച വേളയിൽ സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും കുട്ടികളുടെ ആവശ്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചും സമഗ്ര റിപ്പോർട്ട് തയ്യാറാക്കി നൽകാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി 1989-ൽ സ്ഥാപിതമായ സ്ഥാപനമാണ്. യു.പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷകളിൽ വിജയം കൈവരിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളെ സജ്ജരാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് ടി സൊസൈറ്റി പ്രവർത്തനമാരംഭിച്ചത്. എന്നാൽ സ്ഥാപനം പ്രവർത്തനമാരംഭിച്ച് 30 വർഷങ്ങൾക്കുശേഷവും ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, ടി സൊസൈറ്റിയെ revamp ചെയ്യുന്നതിനായുള്ള സമഗ്രമായ നിർദ്ദേശങ്ങൾ സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി/ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം III).

ടി റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാദമിയിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പരമാവധി 120 പേർക്ക് ഫീസാനുകൂല്യം നൽകുന്നതിന് 17-5-2018-ലെ സ.ഉ. (കൈ.) നമ്പർ 36/2018/പജ.പവ.വിവ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) (അനുബന്ധം IV).

കൂടാതെ, ഇന്ത്യയിലെ മികച്ച സിവിൽ സർവ്വീസസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നേടുന്ന 80 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരമാവധി ഒരു ലക്ഷം രൂപ സ്കോളർഷിപ്പ് നൽകുന്ന "Lakshya Scholarship" പദ്ധതി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖാന്തരം നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. സൊസൈറ്റി മുഖേന വിവിധതലങ്ങളിൽ ബോധവത്കരണക്ലാസുകൾ നടത്തുവാനും ഉദ്ദേശിക്കുന്നു."

6. തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മണ്ണന്തലയിലെ സിവിൽ സർവ്വീസസ് പരിശീലന കേന്ദ്രം പൂട്ടുവാൻ എടുത്ത തീരുമാനം അടിയന്തരമായി പിൻവലിക്കുക, മുൻ ബാച്ചിൽ ഐ.എ.എസിന്റെ പ്രിലിമിനറി പരീക്ഷയിൽ യോഗ്യത നേടിയ 3 പേർക്ക് മെയിൻസ് പരീക്ഷ എഴുതുന്നതിന് മണ്ണന്തലയിലെ ലൈബ്രറി സൗകര്യങ്ങളും ഹോസ്റ്റൽ സൗകര്യവും നൽകുക, ടി സ്ഥാപത്തിന്റെ ബഹുനില മന്ദിരത്തിൽ 2 വർഷത്തേക്ക് 200 പേർക്ക് സിവിൽ സർവ്വീസസ് കോച്ചിംഗ് ഹോസ്റ്റൽ

സൗകര്യത്തോടുകൂടി നൽകുവാൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് 16-7-2018-ൽ ദേശീയ ദളിത് ഫെഡറേഷൻ, സമിതി മുമ്പാകെ ഹർജി സമർപ്പിച്ചു. ചാരാച്ചിറയിലുള്ള സിവിൽ സർവ്വീസസ് അക്കാഡമിയിൽ ഒരു വർഷം രണ്ടു ബാച്ചുകളിലേയ്ക്ക് അഡ്മിഷൻ നൽകിയാൽ 3 കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നതെന്നും മണ്ണന്തലയിലെ അക്കാഡമിയിൽ കഴിഞ്ഞ വർഷം 60 വിദ്യാർത്ഥികൾ പഠിച്ചപ്പോൾ ഒരു കോടി 13 ലക്ഷം രൂപയാണ് ചെലവു വന്നിട്ടുള്ളതെന്നും 200 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയാലും ഒരു വർഷത്തേക്ക് ഒരു കോടി 75 ലക്ഷം രൂപ മാത്രമേ ചെലവു വരികയുള്ളൂവെന്നും ആയതിനാൽ മണ്ണന്തലയിലെ ഹോസ്റ്റലിൽ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള നടപടി റദ്ദു ചെയ്തുകൊണ്ട് ചാരാച്ചിറ അക്കാഡമിയിലെ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യവും, സൗജന്യ ഭക്ഷണവും ലൈബ്രറി സൗകര്യവും മണ്ണന്തലയിൽത്തന്നെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 25-7-2018-ൽ ഡോ. അംബേദ്കർ കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി എന്ന സംഘടനയും സമിതി മുമ്പാകെ ഹർജി സമർപ്പിക്കുകയുണ്ടായി.

7. പ്രസ്തുത ഹർജികൾ 1-8-2018-ന് ചേർന്ന സമിതിയോഗം ചർച്ച ചെയ്യുകയും 5-9-2018-ൽ ചേരാൻ നിശ്ചയിച്ചിട്ടുള്ള തെളിവെടുപ്പ് യോഗത്തിൽ ആയത് പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഡോ. അംബേദ്കർ കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി ഇതേ വിഷയം ഉന്നയിച്ച് 9-8-2018-ൽ വീണ്ടും ഹർജി സമർപ്പിക്കുകയുണ്ടായി.

8. 5-9-2018-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ, ICSETS എന്ന സ്ഥാപനം നഷ്ടപ്പെടുന്ന അവസ്ഥയിലാണെന്നും ടി സ്ഥാപനം പൊതുവിഭാഗത്തിന് കൈമാറ്റം ചെയ്യുന്ന സ്ഥിതിയിലാണെന്നും പട്ടികജാതി, പട്ടികവർഗ്ഗ സംഘടനാ ഭാരവാഹികൾ ആക്ഷേപമുന്നയിച്ചിട്ടുള്ളതായി വകുപ്പ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയതിന്മേൽ വിശദീകരണം തേടുകയും ചെയ്തു.

9. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച സൊസൈറ്റിയാണ് ICSETS എന്നും 1989-ൽ ആരംഭിച്ച ടി സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമോ മറ്റ് സംവിധാനങ്ങളോ ഇല്ലെന്നും മണ്ണന്തലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഒരു കെട്ടിട സമുച്ചയത്തിലാണ് പ്രസ്തുത സ്ഥാപനം താൽക്കാലികമായി പ്രവർത്തിച്ചു വരുന്നതെന്നും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി.

10. 27 പട്ടികജാതി വിദ്യാർത്ഥികളും 3 പട്ടികവർഗ്ഗ വിദ്യാർത്ഥികളുമായി 30 കുട്ടികൾക്കാണ് ഒരു വർഷം ടി സ്ഥാപനത്തിൽ അഡ്മിഷൻ നൽകുന്നതെന്നും

കഴിഞ്ഞ 28 ബാച്ചുകളിലായി 840 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയതിൽ കേന്ദ്ര സർവ്വീസിലേയ്ക്ക് വിജയിച്ചവർ 13 പേർ മാത്രമാണെന്നും ഐ.എ.എസ്. നേടിയവർ ആരുമില്ലെന്നും ടി സ്ഥാപനം കൊണ്ട് കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നില്ലെന്ന് വ്യക്തമായ സാഹചര്യത്തിലാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദധാരികൾക്ക് അഖിലേന്ത്യാ സർവ്വീസിലേയ്ക്ക് അവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള-യുടെ സ്ഥാപനമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാഡമിയിൽ പ്രവേശന പരീക്ഷ വഴി അഡ്മിഷൻ ലഭിക്കുന്ന മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പരിശീലനം നൽകാൻ ഉത്തരവായതെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

11. ഉന്നത നിലവാരം പുലർത്തുന്ന സിവിൽ സർവ്വീസസ് അക്കാഡമിയിൽ പഠിക്കുന്നതിനുള്ള സാമ്പത്തിക സഹായം വകുപ്പ് നൽകുമെന്ന് അറിയിച്ചതിനെത്തുടർന്ന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുമുള്ള കുട്ടികൾ മുന്നോട്ടു വന്നുവെന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 310 കുട്ടികൾ അക്കാഡമി നടത്തിയ പ്രവേശന പരീക്ഷ വിജയിക്കുകയും അഡ്മിഷൻ നേടുകയും ചെയ്തുവെന്നും മുൻപ് 30 കുട്ടികളെ പഠിപ്പിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 310 കുട്ടികളെ പഠിപ്പിക്കാൻ സാധിച്ചുവെന്നും കൂടാതെ, അക്കാഡമിയിലെ മത്സരാധിഷ്ഠിതമായ അന്തരീക്ഷം കുട്ടികൾക്ക് പരീക്ഷയിൽ മികവുറ്റ വിജയം കരസ്ഥമാക്കുവാൻ സഹായിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

12. ഓരോ കുട്ടിക്കും സിവിൽ സർവ്വീസസ് അക്കാഡമിയിൽ നൽകേണ്ട ഫീസായ 50,000 രൂപ വകുപ്പ് നൽകുമെന്നും കൂടാതെ കുട്ടികൾക്ക് അവർ തെരഞ്ഞെടുക്കുന്ന ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നതിനായി ഹോസ്റ്റൽ ഫീ ഇനത്തിൽ 5000 രൂപ പ്രതിമാസം നൽകുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ICSETS-ന് സ്വന്തമായി ഹോസ്റ്റൽ സൗകര്യം ഉണ്ടായിരുന്നില്ലെന്നും ICSETS-ലെ പരിശീലനാർത്ഥികളിൽ ആൺകുട്ടികൾക്ക് തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസിന്റെ നിയന്ത്രണത്തിലുള്ള **മണ്ണന്തല പോസ്റ്റ്മെട്രിക്** ഹോസ്റ്റലിലും പെൺകുട്ടികൾക്ക് **പൂച്ചെടിവിള** ഹോസ്റ്റലിലുമാണ് താമസസൗകര്യം ഒരുക്കിയിരുന്നതെന്നും മണ്ണന്തലയിലെ ടി ഹോസ്റ്റൽ കെട്ടിടം വകുപ്പിന്റെ കീഴിലുള്ള ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആയി പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

13. സിവിൽ സർവ്വീസസ് അക്കാഡമിയിൽ ആകെ 800 കുട്ടികൾ പഠിക്കുന്നുണ്ടെന്നും അതിന്റെ നാലിലൊന്ന് കുട്ടികൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ

സിവിൽ സർവ്വീസ് അക്കാഡമിയിൽ പഠിപ്പിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന്, കുട്ടികളുടെ എണ്ണത്തിൽ പ്രതീക്ഷിക്കാത്ത വർദ്ധനവാണുണ്ടായിരിക്കുന്നതെന്നും ചാരാച്ചിറയിൽ ക്ലാസ്സുകൾ നടത്തുന്നതിൽ സ്ഥല പരിമിതിയുണ്ടെന്നും ചാരാച്ചിറയിലെ ക്യാമ്പസിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നുണ്ടെന്നും അതിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ക്ലാസ്സുകൾ നടത്തുന്നതിനുള്ള സൗകര്യം ICSETS-ൽ ചെയ്തു കൊടുക്കണമെന്ന ആവശ്യമുണ്ടായതിന്റെ അടിസ്ഥാനത്തിൽ, 2018 സെപ്റ്റംബർ വരെ ക്ലാസ്സുകൾ നടത്തുന്നതിനായി ICSETS-ഉം സിവിൽ സർവ്വീസസ് അക്കാഡമിയും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. ലൈബ്രറിയും കമ്പ്യൂട്ടർ ലാബും മറ്റ് സൗകര്യങ്ങളും കുട്ടികൾക്ക് പ്രയോജനപ്പെടുത്താമെന്നും കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സെപ്റ്റംബർ ബാച്ച് അഡ്മിഷൻ സൗജന്യമായി ചെയ്യാമെന്ന് സി.സി.ഇ.കെ. അറിയിച്ചിട്ടുള്ളതായും അദ്ദേഹം വ്യക്തമാക്കി. ഈ താൽക്കാലിക ക്രമീകരണത്തെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ സംഘടനകൾ മറ്റൊരു തരത്തിൽ വ്യാഖ്യാനിക്കുകയാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി വെളിപ്പെടുത്തി.

14. വകുപ്പ് കൈക്കൊണ്ട തീരുമാനം അഭിനന്ദനാർഹമാണെന്ന് വിലയിരുത്തിയ സമിതി ICSETS എന്ന സ്ഥാപനത്തെ നിലനിർത്തിക്കൊണ്ട് കുട്ടികൾക്ക് കൂടുതൽ പരിശീലന സൗകര്യം നൽകുന്നതിന്റെ ഭാഗമായുള്ള നവീകരണങ്ങളാണ് നടക്കുന്നതെന്ന വിവരം പൊതുജനത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും ആയതിനാൽ ഇത് സംബന്ധിച്ച് സമുദായ സംഘടനാ നേതാക്കളുമായി ആശയവിനിമയം നടത്തേണ്ടതാണെന്നും തീരുമാനിച്ചു.

15. തുടർന്ന് 10-10-2018-ന് വകുപ്പുദ്യോഗസ്ഥരിൽ നിന്നും, ദേശീയ ദളിത് ഫെഡറേഷൻ, ഡോ. അംബേദ്കർ കൾച്ചറൽ ആന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി എന്നീ സംഘടനകളുടെ പ്രതിനിധികളിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ടി വിഷയത്തിന്മേൽ ചർച്ച നടത്തുകയും ചെയ്തു.

16. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തതു പ്രകാരവും കേന്ദ്ര സർക്കാർ അംഗീകരിച്ചതു പ്രകാരവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസസിനും മറ്റ് ക്ലാസ് I സർവ്വീസസിനും വേണ്ടിയുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനാണ് മണ്ണന്തലയിൽ ICSETS എന്ന സ്ഥാപനം ആരംഭിച്ചതെന്നും 28 വർഷത്തിനുള്ളിൽ ഈ സ്ഥാപനത്തിൽ നിന്ന് പരിശീലനം ലഭിച്ച 15 പേർക്ക് അഖിലേന്ത്യാ സർവ്വീസിൽ പ്രവേശനം ലഭിച്ചുവെന്നും കൂടാതെ 840 പേർക്ക് പരിശീലനം നൽകിയതിൽ പലരും ഹൈക്കോടതിയിലും കേന്ദ്രസർക്കാരിന്റെ ഉന്നത തസ്തികകളിലും എത്തിയിട്ടുണ്ടെന്നും പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ആരംഭിച്ച ഈ സ്ഥാപനം പ്രവർത്തനരഹിതമാക്കുന്നതിനുള്ള നീക്കം നടക്കുന്നുണ്ടെന്നും അതിനാലാണ്

സ്ഥാപനം തുടർന്നും പ്രവർത്തിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതെന്നും സംഘടനാ പ്രതിനിധികൾ സമിതിയെ ബോധിപ്പിച്ചു സ്ഥാപനത്തിൽ ആയിരത്തോളം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യമുണ്ടെന്നും 200 പേർക്ക് ഹോസ്റ്റൽ സൗകര്യത്തോടുകൂടി സിവിൽ സർവ്വീസസ് കോച്ചിംഗ് നൽകണമെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള പരീക്ഷയ്ക്കായി 500 പേർക്ക് പരിശീലനം നൽകണമെന്നും സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു മാത്രവുമല്ല ചാരാച്ചിറയിലുള്ള സിവിൽ സർവ്വീസസ് അക്കാഡമിയിൽ ബ്രൂണിൽ ക്ലാസ് ആരംഭിച്ചെങ്കിലും കുട്ടികൾക്ക് യാതൊരു ആനുകൂല്യവും ലഭിക്കാത്തതിനാൽ പല കുട്ടികളും പരിശീലനം നിർത്തിപോകാനുള്ള സാധ്യതയാണ് നിലവിലുള്ളതെന്നും അവർ കൂട്ടിച്ചേർത്തു.

17. 1989-ൽ ആരംഭിച്ച ICSETS-ന്റെ പ്രവർത്തനങ്ങൾക്കായി വകുപ്പ് പ്രതിവർഷം 4 കോടിയോളം രൂപ ചെലവാക്കിയിട്ടും മെച്ചപ്പെട്ട റിസൾട്ട് ലഭിച്ചിരുന്നില്ലെന്നും പ്രസ്തുത സാഹചര്യത്തിലാണ് പുനർചിന്തനം നടത്തി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാഡമിയുടെ പ്രവേശന പരീക്ഷ പാസ്സാകുന്ന 100 എസ്.സി. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാൻ തീരുമാനിച്ചതെന്നും പക്ഷെ പരീക്ഷയെ സംബന്ധിച്ച് പബ്ലിസിറ്റി കൊടുത്തപ്പോൾ കൂടുതൽ പേർ പ്രവേശന പരീക്ഷ എഴുതാൻ വരികയും നടപ്പു വർഷം 343 പേരെ (31 പേർ എസ്.ടി.) സിവിൽ സർവ്വീസസ് അക്കാഡമിയിൽ പഠിപ്പിക്കാൻ സാധിക്കുകയും ചെയ്തുവെന്നും സിവിൽ സർവ്വീസസ് അക്കാഡമിയുടെ പ്രവേശന പരീക്ഷ പാസാകുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്കും അഡ്മിഷൻ നൽകിയിട്ടുണ്ടെന്നും അതിൽ ഫസ്റ്റ് ബാച്ചിൽ വന്ന കുട്ടികൾക്ക് ഫീസിനത്തിൽ 50,000 രൂപയും ഹോസ്റ്റൽ ഫീസായി 5000 രൂപയും പോക്കറ്റ് മണിയായി മാസം തോറും 1000 രൂപയും നൽകുന്നുണ്ടെന്നും ഈ സ്ഥാപനത്തെ സെന്റർ ഫോർ എക്സലൻസാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നതെന്നും സിവിൽ സർവ്വീസസ് അക്കാഡമിക്കുള്ള കെട്ടിട നിർമ്മാണം കഴിയുന്നതുവരെ ഒരു വർഷത്തേക്ക് താൽക്കാലിക സംവിധാനത്തിലാണ് ICSETS-ൽ ക്ലാസുകൾ പ്രവർത്തിക്കുന്നതെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

18. 1989-ൽ തുടങ്ങിയ സ്ഥാപനത്തിൽ നിന്ന് 2018 വരെ ആകെ 15 പേരെയാണ് വിജയിപ്പിക്കാൻ സാധിച്ചതെന്നും 45 ഓളം കുട്ടികൾക്ക് പരിശീലനം കൊടുത്തിരുന്ന സ്ഥാനത്താണ് ഇപ്പോൾ 343-ഓളം കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നതെന്നും സമിതി വിലയിരുത്തി. ICSETS-ന്റെ പ്രിൻസിപ്പലും സിവിൽ സർവ്വീസസ് അക്കാഡമിയുടെ പ്രിൻസിപ്പലും യോജിച്ചാണ് പ്രവർത്തിക്കുന്നതെന്നും ഓരോ ആഴ്ചയും കുട്ടികൾക്ക് ക്ലാസ് ടെസ്റ്റുകൾ നടത്തുകയും അവരുടെ പോരായ്മകൾ കണ്ടെത്തി പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയുമാണ് ലക്ഷ്യമെന്നും ICSETS-നെ പുതിയ രീതിയിലുള്ള പ്രവർത്തന മണ്ഡലത്തിലേയ്ക്ക് രൂപപ്പെടുത്തിയെടുക്കുകയാണെന്നും ഈ സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കിയെടുക്കാനാണ് സർക്കാർ ശ്രമമെന്നും വകുപ്പുദ്യോഗസ്ഥരിൽ നിന്നും സമിതിക്ക്

ബോധ്യപ്പെട്ടു. ICSETS പൂട്ടിപ്പോകുന്നുവെന്ന് പ്രചരിപ്പിക്കുന്നതിൽ യാതൊരു വസ്തുതയുമില്ലെന്നും മറിച്ച് ഉന്നതനിലവാരമുള്ള ഒരു സ്ഥാപനമായി നവീകരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ICSETS-നെ പട്ടികജാതി വികസന വകുപ്പിന് കീഴിൽത്തന്നെ നിലനിർത്തിക്കൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിവിധ ക്ലാസ്-I പരീക്ഷകൾക്ക് പരിശീലനം നൽകുന്ന മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ജൂണിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് ഇതുവരെ ആനുകൂല്യങ്ങളൊന്നും കൊടുത്തിട്ടില്ലെന്നും അതിനാൽ പഠനം നിർത്തി പോകുകയാണെന്ന് ചില കുട്ടികൾ പറഞ്ഞതായും സംഘടനാ പ്രതിനിധികൾ ആരോപിച്ചു. ഈ ആരോപണങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ കുട്ടികൾക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ഒക്ടോബറിൽത്തന്നെ നൽകുന്നതാണെന്നും 100 പേർക്കാണ് നിലവിൽ ഹോസ്റ്റൽ സൗകര്യമുള്ളതെന്നും അതിനാൽ സ്വന്തം നിലയ്ക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നവർക്ക് അതിനുള്ള ഫണ്ട് വകുപ്പ് നൽകുന്നുണ്ടെന്നും ഡയറക്ടർ അറിയിച്ചു. 100 പേർക്ക് ഹോസ്റ്റൽ സൗകര്യം നൽകുമ്പോൾ ഏറ്റവും കുറവ് വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് മുൻഗണന നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

20. വരും വർഷങ്ങളിൽ കുട്ടികൾക്ക് പ്രവേശനം കിട്ടുമ്പോൾത്തന്നെ ആനുകൂല്യം കൊടുക്കാനുള്ള നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഹോസ്റ്റൽ ഫീസും പോക്കറ്റ് മണിയും കാലോചിതമായി വർദ്ധിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

21. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ചാരാച്ചിറയിലുള്ള സിവിൽ സർവ്വീസസ് അക്കാഡമിയിൽ പരിശീലനം നൽകാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനും കുട്ടികളുമായി ആശയ വിനിമയം നടത്തുന്നതിനുമായി 7-11-2018-ന് സമിതി സന്ദർശനം നടത്തി.

22. അക്കാഡമിയിൽ ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ 2 ബാച്ചുകളിലായാണ് പ്രവേശനം അനുവദിക്കുന്നതെന്നും കഴിഞ്ഞ വർഷം വരെ പ്രിലിമിനറിക്ക് മാത്രം പ്രാധാന്യം കൊടുത്തുകൊണ്ട് ആറുമാസത്തെ കോഴ്സാണ് നടത്തിയിരുന്നതെങ്കിൽ ഇപ്പോൾ 8 മാസത്തെ ദൈർഘ്യത്തോടെ പ്രിലിമിനറി-കം-മെയിൻ കോഴ്സാണ് നടത്തുന്നതെന്നും സി.സി.ഇ.കെ. ഡയറക്ടർ സമിതിക്ക് വിശദീകരണം നൽകി. ഇതര അക്കാഡമികളിലേതു പോലെ രാവിലെ മുതൽ ഉച്ചവരെയുള്ള രീതിയിലല്ല ക്ലാസ്സുകൾ നടത്തുന്നതെന്നും എട്ടു മാസം ദൈർഘ്യമുള്ള കോഴ്സായതിനാൽ 9.30 മുതൽ 4.30 വരെയാണ് ദിവസവും ക്ലാസ് നടത്തുന്നതെന്നും അവർ കൂട്ടിച്ചേർത്തു. അടുത്ത ബാച്ച് മുതൽ കോഴ്സ് ദൈർഘ്യം വർദ്ധിപ്പിച്ച് പഠന സമയം കുറയ്ക്കണമെന്ന് ഒരു വിദ്യാർത്ഥി സമിതിയോട് അഭ്യർത്ഥിച്ചു.

23. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി സാമ്പത്തിക സഹായം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അവരുടെ ഭൗതിക സാഹചര്യവും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിന് സമഗ്രമായ കർമ്മ പദ്ധതികൾ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. മണ്ണന്തലയിലെ ക്യാമ്പസിൽ നിലവിൽ ക്യാന്റീന്റെ അഭാവംമൂലം കുട്ടികൾ ബുദ്ധിമുട്ടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തരമായി ഒരു ക്യാന്റീൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പ്രസ്തുത ക്യാന്റീനിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതുവരെ താൽക്കാലികമായി ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2018 ഡിസംബർ 6.

ബി. സത്യൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം*
*സംബന്ധിച്ച സമിതി.*

<u>അനുബന്ധം I</u>

കേരള സർക്കാർ

നം. 73736/എ 1/2016/പജപവവിവ.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ)വകുപ്പ്
തിരുവനന്തപുരം, തീയതി, 01/12/2016.

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം: പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ICSETS പ്രിൻസിപ്പാളിനെതിരെ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി - സംബന്ധിച്ച്.

സൂചന: താങ്കളുടെ 09/08/16 ലെ എസ്റ്റാ. എ 4/15137/16 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ICSETS ന്റെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിക്കാനും ആവശ്യമുള്ള നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ബന്ധപ്പെട്ടവർക്ക് നൽകണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ
[illegible]
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**അനുബന്ധം II**

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ 2017-18 അദ്ധ്യയനവർഷത്തിൽ റിപ്പീറ്റേഴ്സ് ബാച്ച് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ(സാധാ) നം.1703/2017/പജപവവിവ

തിരുവനന്തപുരം , തീയതി. 10/7/2017.

---

പരാമർശം: 1) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുടെ 12/4/2017 ലെ 24-ാമത് വാർഷികജനറൽ ബോഡി യോഗത്തിന്റെ മിനിട്ട്സ്.

2) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി പ്രിൻസിപ്പലിന്റെ 22/4/2017 ലെ ICSETS-28/11 നം. കത്ത്.

3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 28/6/2017 ലെ എഡ്യു-സി1/13923/17 നം. കത്ത്.

**ഉത്തരവ്**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ 2016-17 ബാച്ചിലെ ട്രെയിനികൾ അടുത്ത അദ്ധ്യയനവർഷത്തിലും സ്ഥാപനത്തിൽ തുടർന്നുപഠിക്കാൻ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ച സാഹചര്യത്തിൽ നാളിതുവരെ സ്ഥാപനത്തിൽ പഠിച്ചവരിൽനിന്നും പരമാവധി 15 പേരെ പ്രത്യേക പ്രവേശനപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഒരു "special batch for repeaters" എന്ന നിലയ്ക്ക് ആരംഭിക്കാൻ 12/4/2017 ൽ കൂടിയ 24-ാമത് വാർഷിക ഗവേണിംഗ് ബോഡി തീരുമാനിച്ചിരുന്നു. ആയതിലേയ്ക്കായി അനുമതി ഉത്തരവ് നൽകണമെന്ന് പരാമർശം(3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ പരമാവധി 15 പേരുടെ special repeaters batch 2017-18 അദ്ധ്യയനവർഷത്തേയ്ക്കുമാത്രമായി ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്കാവശ്യമായ ചെലവ് നടപ്പുസാമ്പത്തികവർഷത്തെ "2225-01-102-96-Assistance for Training & Employment" എന്ന ശീർഷകത്തിൽനിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഉഷ.റ്റി.നായർ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൾ, ICSETS, മണ്ണന്തല, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA സെക്ഷൻ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA സെക്ഷൻ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

അനുബന്ധം III

## Proposal for Redefining the Objectives and Operations of Institute of Civil Services Examination Training Society (ICSETS)

**INTRODUCTION:** Civil Service Examination Training Society **(ICSETS)** was established in 1989 as per G.O. (MS)No.19/89/ SCSTDD dated 19.04.1989 as an agency with 5 well defined objectives but mainly *"to assist young men and women especially belonging to Scheduled Castes and Scheduled Tribes and such other Communities to be decided by the Institute to prepare themselves for competitive examinations being held by the UPSC by giving them training which is a free service."* Based on this objective, the Institute has been providing training to Civil Service aspirants belonging to SC/ST to clear Civil Service Examination conducted by UPSC every year. Since its inception in 1989, it has provided training to about 840 students in 28 batches. Just to train 30 students a year, the Institute maintains vast infrastructure including two Hostels. It has an establishment with 17 staff including a Principal (on deputation from Collegiate Education Department) and Manager and other supporting staff appointed on deputation or contract basis. The infrastructure including Library facilities available to the trainees of the Institute is one of the best among such Institutes in kerala.

**ACHIEVEMENTS SO FAR:** With all the above mentioned facilities and an annual expenditure of Rs. 1,08,55,272/- (2017-18), the Institute has seldom achieved its objectives. Even though trainees are selected through a written test and interview and the faculty is chosen with due diligence, the results so far has nothing to cheer about. The Institute has so far secured just 13 positions in Indian Civil Service, with nobody finding a place in IAS. Details available from 2008-09 onwards (given in table (1) below) shows that only 13 students have cleared the prelims so far, with two years showing complete washout.

**Table (1) Result Sheet 2008-09 to 2016-17**

| Year | Number of trainees | Prelims cleared | Mains cleared | Entry into Service |
|---|---|---|---|---|
| 2008-09 | 30 | 3 | 0 | |
| 2009-10 | 30 | 1 | 0 | |
| 2010-11 | 30 | 3 | 0 | |
| 2011-12 | 30 | 2 | 1 | 1 (IFS) |
| 2012-13 | 30 | 1 | 0 | |
| 2013-14 | 30 | 0 | 0 | |
| 2014-15 | 30 | 1 | 0 | |
| 2015-16 | 30 | 2 | 0 | |
| 2016-17 | 30 | 0 | 0 | |
| TOTAL | 270 | 13 | 1 | |

As far as entry into the Services by clearing all the three hurdles is concerned, it is a sorry picture with nobody getting selected to the IAS since 1989. It is just 1 who got selected to the IPS, 2 getting IFS and 9 entering other services including Indian Forest Service (2).

**COST- BENEFIT ANNALYSIS:** Accounts for the last eight years (2010-11 to 2017-18) shows that a total of Rs. 5,03,76,014/- has been spent for training 270 youth( including enhanced intake of 45 and repeater batch of 15 of 2017-18).Details are given in Table (2) below.

**Table (2) Yearly Expenditure for last 8 Years**

| Financial Year | Grant-in -Aid | Budget provision | Expenditure |
|---|---|---|---|
| 2010-11 | 30,00,000 | 61,92,500 | 45,15,744 |
| 2011-12 | 63,55,518 | 60,15,000 | 48,25,318 |
| 2012-13 | 20,00,000 | 94,27,700 | 44,75,406 |
| 2013-14 | 60,00,000 | 97,40,000 | 58,24,537 |
| 2014-15 | 42,26,500 | 84,03,000 | 46,79,726 |
| 2015-16 | 70,00,000 | 91,03,000 | 63,41,683 |
| 2016-17 | 73,00,000 | 1,14,88,000 | 88,58,328 |
| 2017-18 | 1,40,00,000 | 2,22,41,000 | 1,08,55,272 |
| **Total** | **4,98,82,018** | **8,26,10,200** | **5,03,76,014** |

This amount does not include interest on capital invested or depreciation. Out of the total of Rs.1,08,55,272/- spent during 2017-18, 70% has gone towards establishment costs out of which 60% as salaries and wages. **So, the average cost of training a student as of 2017-18 is 1.81 lakhs.** If the results are taken into consideration, from 2010-11 to 2016-17, we have spent Rs.3,95,20,742/- for enabling 9 youth to clear prelims **(Rs.43,91,193/- per candidate)** and only one to make it to the victory stand.

**FUTURE OF ICSETS: -** The above details show that ICSETS can't justify its existence for long with this kind of results. So, it is time to revisit the role of this prestigious Institution of SC/ST Development Department which must play a pivotal role in the lives of youth belonging to SC/ST in kerala. Thus this proposal to redefine the objectives and operations of ICSETS is hereby submitted for consideration.

**THE PROPOSAL: -**

I **Enhance the Number of Regular Trainees from 45 to 200 per year** – At present only 45 youth from SC/ST are given training by ICSETS for cracking Civil Service. The training is given at ICSETS campus by drawing faculty from IAS coaching centres in and around Trivandrum. This is to be done away with and efficient and effective coaching is to be given to trainees as given below.

1. **Training through Kerala State Civil Service Academy (KSCSA):-** Kerala State Civil Service Academy is among the best in business in Kerala. It is a Government Initiative by Centre for Continuing Education Kerala under the administrative control of the Higher Education Department. At present the Academy is providing training to about 80 youth from SC/ST every year through its 4 major centres in Kerala as given hereunder in Table (3)

**Table (3) Details of Admissions & Results in KSCSA in 2017**

| Name of KSCSA Centre | Admissions | | | | | | | |
|---|---|---|---|---|---|---|---|---|
| | Total | SC | % | ST | % | Total | SC | ST |
| Thiruvananthapuram | 797 | 51 | 6 | 4 | 0.5 | 117 | 5 | 1 |
| Palakkad | 107 | 8 | 8 | 2 | 2 | 4 | 0 | 0 |
| Ponnani | 101 | 10 | 10 | 0 | 0 | 2 | 0 | 0 |
| Kozhikkode | 98 | 4 | 4 | 1 | 1 | 11 | 0 | 0 |
| Total | 1103 | 73 | 6 | 7 | 1 | 134 | 5 | 1 |

At present there is no reservation or fees concession to SC/ST students in KSCSA. They have to clear the entrance examination by securing the cut off mark (45%) and pay fees levied by the Academy. It is proposed to **introduce reservation of 10% of the total intake of the Academy to candidates belonging to SC& ST (8+2).** Thus a total of **120 students from SC/ST can avail training at KSCSA** annually. The fees due to the Academy of the youth thus selected (Rs.50000/- per trainee) will be paid by ICSETS (through Govt funding). Besides, Hostel fees of Rs.5000/- per month per trainee and pocket money of Rs.1000/- per month per trainee will also be given. In the case of day scholars Rs.1000/- will be given as monthly stipend. The total cost of training 120 youth for an average course period of 10 months thus comes to **[(50000x120) + (6000x10) x120)], i.e., Rs.1,32,00,000/-**

2. **Training through various Private Academies and Institutes inside & outside Kerala:- About 80 youth belonging to SC/ST are to be given a chance to study in an institution of their choice anywhere in India.** The trainees will be selected through an aptitude test to be conducted in all Districts preceded by orientation/ training classes to clear the test. The actual training fees (average Rs.1 lakh) of such students will be met by ICSETS (through Govt funding). Besides, as in the case of KSCSA students, Hostel fees of Rs.5000/- per month per trainee and pocket money of Rs.1000/- per month per trainee will also be given. In the case of day scholars Rs.1000/- will be given as monthly stipend. Moreover actual travelling expenses (road/rail) for 2 inward & outward journeys each will be given to students securing

admission in Institutes outside Kerala. The total cost of training 80 youth for an average course period of 10 months thus comes to **[(100000x80)+(6000x10)x80)], i.e., Rs.1,28,00,000/-**

II. **Role of ICSETS:** - As the above proposed ideas take shape, the role of ICSETS will also change vis-a-vis imparting training to SC/ST youth. It will be one of Facilitation, Mentoring & Monitoring as detailed below.

1. **Awareness and Orientation Programmes:**- ICSETS will conduct half day awareness and orientation programmes twice a year in all districts for High School & Higher Secondary students and students of MRS's of SC/ST departments(29 no's). Cost of each camp at District level will be Rs.10000/- each and MRS level Rs.5000/- each. The total cost for conducting 57 camps a year will be **[ (10000x2)x14+(5000x29)], i.e., Rs.4,25,000/-**
2. **Workshops at District Level:** - ICSETS will conduct one day workshops for IAS aspirants belonging to SC/ST twice a year at District level to create awareness about IAS coaching facilities/ Institutes, entrance tests conducted by ICSETS /KSCSA, and syllabus for entrance tests and prelims. Each such programme will be conducted on cost / student basis (@ Rs.300/- per student) with minimum Rs.10000/- for each programme. Assuming that average 50 students will participate for each programme, the total cost will be **[(300x50)x2]x14, i.e., Rs.4,20,000/-**
3. **Aptitude test:** - ICSETS will conduct Aptitude test for selecting trainees for the programme envisaged in I.2. above. The tests will be conducted twice a year as the Institutes are offering courses twice a year. All Districts will have test centres, which will be at a place most convenient to students and will be selected by the concerned District Development Officers. The cost involved for conducting Aptitude tests will be Rs.3, 00,000/- on ICSETS side (Publicity, Question and answer sheet preparation and printing and postage, etc) and Rs.10000/- each for 14 districts for two tests each. The total cost thus will be **[ 300000+(10000x14)], i.e., Rs.4,40,000/**
4. **Motivation & Personality Development Classes & Mentorship Programmes:** - ICSETS will organise additional Motivation & Personality Development Classes & Mentorship Programmes to students attending coaching classes in KSCSA & other centres under ICSETS programme. Remedial coaching will also be arranged for trainees lagging in specific subjects/areas. Library and Computer lab facilities of ICSETS will also be made available to students desirous of availing them. TA/DA will be provided to outstation candidates who attend training centres outside Thiruvananthapuram. The approximate cost for conducting these programmes will be **Rs.5,00,000/-**
5. **Administration & Monitoring:** - Course fee and other benefits of the candidates selected and assigned to various Institutes including KSCSA will be disbursed through ICSETS using the present administrative set up therein. Performance of the trainees and Institutes will be evaluated periodically by conducting common test series and

interactive sessions. Total cost for administration and monitoring will be about Rs.40, 00,000/- per year.

III. **Infrastructure & Other Facilities of ICSETS:** - As there will be no more regular classes if the above proposals are put into practice, the following changes are proposed for the infrastructure and other facilities.

1. **The office, class rooms, and Library** facilities are to continue for the time being.
2. **Hostels:** - ICSETS have two hostel facilities – one for Boys at ICSETS campus at Mananthala and another for Girls at Poochedivila. As there will be no more regular classes at ICSETS, there will be no need of maintaining Hostels. So, it is proposed that the Hostels and facilities therein are to be handed over to SC Development Department. The hostel facility at Mannathala can be used for starting Post Matric Hostel as there is high demand for hostel facility in Trivandrum. The Hostel at Poochedivila is functioning at the Library building of Poochedivila Post Matric Hostel of S.C. Department. So, it could be used by making the Library fully functional or more admissions may be made to the existing hostel by using the facility as an extension.

IV. **Cost Analysis:** - The total expenses involved as per the proposal detailed above is **Rs.3, 17, 85,000/-** as given in Table (4) below.

**Table (4) Details of Anticipated Expenditure**

| Sl. No. | Propose Activity | Anticipated Expenditure |
|---|---|---|
| 1 | Training through KSCSA as per I.1 | 1,32,00,000 |
| 2 | Training through other Institutes as per I.2 | 1,28,00,000 |
| 3 | Awareness & Orientation Programmes | 4,25,000 |
| 4 | Workshops at District Level | 4,20,000 |
| 5 | Aptitude Test | 4,40,000 |
| 6 | Motivation, Personality Development & Mentorship programmes | 5,00,000 |
| 7 | Administration & monitoring | 40,00,000 |
| | TOTAL | 3,17,85,000 |

**So, the average training cost per trainee will be Rs.1, 59,000/-** which is **lesser by Rs.22, 000/-** than the cost at present.

SECRETARY
INSTITUTE FOR CIVIL SERVICES
EXAMINATION TRAINING SOCIETY
THIRUVANANTHAPURAM

അനുബന്ധം IV

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 120 പേർക്ക് ഫീസാനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ)നം.36/2018/പജപവവിവ

തിരുവനന്തപുരം, തീയതി, 17/05/2018

---

പരാമർശം:- 1) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 02/05/2018 ലെ ICSETS-108/18 നം. കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരിശീലനം നൽകുന്ന സ്ഥാപനങ്ങളിൽ മുൻപന്തിയിലുള്ളതും, സർക്കാർ സംരംഭവുമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിൽ ഫീസാനുകൂല്യം നൽകുന്നില്ലെന്നും ടി വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുന്നത് പ്രസ്തുത പരിശീലനത്തിനും തദ്വാരാ സർവ്വീസിലേക്ക് കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനും ഇടയാക്കുമെന്നും ആയതിനാൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ സെന്ററുകളിൽ പരിശീലനം തേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകണമെന്നുമാവശ്യപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വിശദമായ ഒരു ശുപാർശ പരാമർശം(1) പ്രകാരം സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന് കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ സെന്ററുകളിൽ റഗുലർ ബാച്ചിൽ പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 120 പേർക്ക് ഫീസാനുകൂല്യം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. ട്രെയിനിംഗ് ഫീസിനത്തിൽ സ്ഥാപനത്തിൽ ഒടുക്കുന്ന തുക വിദ്യാർത്ഥികൾക്ക് റീ-ഇമ്പേഴ്സ് ചെയ്ത് നൽകുന്നതാണ്.

**മറ്റ് ആനുകൂല്യങ്ങൾ**

**ഹോസ്റ്റലേഴ്സിന്**

ഹോസ്റ്റൽ ഫീ - 5000/-രൂപ

പോക്കറ്റ് മണി - 1000/-രൂപ

**ഡേ സ്കോളേഴ്സിന്**

സ്റ്റൈപന്റ് - 1000/-രൂപ

3. ഇതിലേയ്ക്കാവശ്യമായ ചെലവ് "2225-01-102-96 Assistance for Training and Employment" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഉഷ.റ്റി.നായർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൾ, ICSETS, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.